# Govt. L.P.School Manickamangalam
## Angamaly Sub District



# School Master Plan

# പ്രൊഫൈൽ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | ഗവ. എൽ. പി. സ്കൂൾ, മാണിക്യമംഗലം |
| ഗവ- എയ്ഡഡ് | - | ഗവൺമെന്റ് |
| സ്ഥാപിതവർഷം | - | 1945 |
| എൽ.പി- യു.പി | - | എൽ.പി |
| ഗ്രാമപഞ്ചായത്ത് | - | കാലടി |
| വില്ലേജ് | - | മറ്റൂർ |
| വാർഡ് നമ്പർ | - | 14 |
| ബി.ആർ.സി | - | അങ്കമാലി |
| സി.ആർ.സി | - | ജി.യു.പി.എസ്, കാലടി |
| റവന്യൂജില്ല | - | എറണാകുളം |
| വിദ്യാഭ്യാസ ഉപജില്ല | - | അങ്കമാലി |
| പ്രധാനാധ്യാപികയുടെ പേര് | - | ശ്രീമതി. സിജി സേവ്യർ |
| മൊബൈൽ നമ്പർ | | :9446747801 |

# ആമുഖം

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിന്നിരുന്ന ജനവിഭാഗങ്ങൾക്ക് വിദ്യാലയങ്ങളിൽ പ്രവേശനം നിഷേധിച്ചിരുന്ന കാലത്ത് അവർക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനായി ഈ നാട്ടിലെ സാമൂഹ്യപ്രവർത്തകരായ ശ്രീ പറയത്ത് കുട്ടൻമേനോനും ശ്രീമദ് ആഗമാനന്ദസ്വാമികളും ചേർന്നാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. 1932 കാലഘട്ടത്തിൽ അന്ന് മറ്റൂർകുന്ന് എന്ന് വിളിച്ചിരുന്നതും ഇപ്പോൾ ശ്രീശങ്കരാകോളേജ് സ്ഥിതിചെയ്യുന്നതുമായ പ്രദേശത്താണ് നിശാപാഠശാല എന്ന നിലയിൽ വിദ്യാലയം പ്രവർത്തിച്ചിരുന്നത്. പിന്നീട് ഇത് ഇന്ന് സ്ക്കുൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന് മുൻവശത്തുള്ള സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കപ്പെട്ടു. അന്ന് തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി രാമസ്വാമി അയ്യരുടെ കാലത്ത് കേരളത്തിൽ പട്ടികവിഭാഗക്കാർക്കായി സ്ഥാപിച്ച 12 കോളനികളിൽ ഒന്നായിരുന്നു മറ്റൂർ കോളനി. ഈ കോളനിയോടനുബന്ധിച്ച് കളിസ്ഥലം, കമ്മ്യൂണിറ്റിഹാൾ, ലൈബ്രറി എന്നിവയും സ്ഥാപിച്ചു. ഈയവസരത്തിൽ നിശാപാഠശാല സർക്കാർ ഏറ്റെടുക്കുകയും1945 ജൂൺ മുതൽ Government Pial School എന്നപേരിൽ പ്രവർത്തനം ആരംഭിച്ചു. പിന്നീട് ഹരിജനക്ഷേമ വകുപ്പിന്റെ കീഴിൽ ഹരിജൻ വെൽഫെയർ എൽ.പി സ്ക്കൂൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 2010 ലെ പ്രത്യേക ഉത്തരവുപ്രകാരം ഗവ.എൽ.പി സ്ക്കൂൾ മാണിക്യമംഗലം എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു.സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളാണ് ഇന്ന് ഇവിടെ പഠിക്കുന്നത്.

# അവസ്ഥാവിശകലനം

## വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ്മുറി | 7 | 0 |
| ആൺകുട്ടികൾക്കുള്ള ടോയ്ലറ്റ് | 1 | 0 |
| പെൺകുട്ടികൾക്കുള്ള പ്രത്യേക ടോയ്ലറ്റ് | 1 | 0 |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | വറ്റാത്ത കിണർ മോട്ടോർ | |
| പ്രധാന അദ്ധ്യാപകമുറി | 1 | |
| ചുറ്റുമതിൽ - ഹരിതവേലി - മറ്റുവേലി | ചുറ്റുമതിൽ | |
| കളിസ്ഥലം | പരിമിതം | ആവശ്യമുണ്ട് |
| ക്ലാസ്മുറിയിൽ റാമ്പ് വിത്ത് ഹാന്റ്റെയിൽ | 1 | |
| അടുക്കള | ഉണ്ട് | |

## അക്കാദമില വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| ജനറൽ OBC ഉൾപ്പെടെ | 1 | 1 | 2 | | | | | | | |
| എസ്.സി | 1 | 3 | 1 | | 5 | | 4 | 3 | 11 | 6 |
| ആകെ | 5 | 3 | 6 | | 6 | | 7 | 5 | 22 | 10 |
| ബി.പി.എൽ ജനറൽ (OBC ഉൾപ്പെടെ | | | | | | | | | | |
| CWSN | | | | | | 1 | | | | |

### അദ്ധ്യാപകർ നിലവിലെ അവസ്ഥ

ഈ വിദ്യാലയത്തിൽ 4 സ്ഥിരം അദ്ധ്യാപകർ ഉണ്ട്. മൂന്ന് വർഷത്തിൽ കൂടുതൽ ഈ വിദ്യാലയത്തിൽ മൂന്ന് അദ്ധ്യാപകർ പ്രവർത്തിക്കുന്നു. കഴിഞ്ഞ വർഷം അദ്ധ്യാപകർക്ക് ലഭിച്ച വിവിധ പരിശീലനങ്ങൾ ക്ലാസ്മുറികളിൽ വളരെയധികം ഉപയോഗപ്പെടുത്തുന്നതിനും കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായകമായി.

### വിദ്യാലയങ്ങളിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ ഡസ്ക്ടോപ്പ് | 1 | 1 |
| ലാപ്ടോപ്പ് | 0 | 4 |
| പ്രൊജക്ടർ | 0 | 1 |
| റേഡിയോ | 1 | 0 |
| ടി.വി | 0 | 1 |
| വിക്ടർ ചാനലിന്റെ ലഭ്യത | ഇല്ല | ആവശ്യമാണ് |
| ഡി.വി.ഡി പ്ലെയർ | 0 | 1 |
| ഇന്റർനെറ്റ് കണക്ഷൻ | ഇല്ല | ആവശ്യമാണ് |
| വിദ്യാലയത്തിൽ സ്വന്തമായി വെബ്സൈറ്റ് | ഇല്ല | ആവശ്യമാണ് |
| ബ്ലോഗ് | ഇല്ല | |
| ഇമെയിൽ ഐഡി | | |
| സ്മാർട്ട് ക്ലാസ്റൂം | ഇല്ല | ആവശ്യമാണ് |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഉണ്ട് | |

## സാമൂഹിക പങ്കാളിത്തം – നിലവിലെ അവസ്ഥ

സ്ക്കുളിലെ എല്ലാ പ്രവർത്തനങ്ങൾക്കും SMC,PTA, MPTA അംഗങ്ങളുടെ സഹകരണം ഉണ്ട്. ഇവിടെ ബോധനമാദ്ധ്യമം മലയാളമാണ് എന്നതാണ് സമൂഹം കാണുന്ന ഒരു പോരായ്മ. S.S.G സ്ക്കൂൾ വികസനസമിതി എന്നിവരുടെ സഹകരണത്തോടെ ?. അദ്ധ്യയനവർഷത്തിൽ ( ... ന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി അറിവരങ്ങ്, അമ്മ വായന, വായനനേരം എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കുട്ടികളുടെ പഠനനിലവാരം

ഈ വിദ്യാലയത്തിലെ 75% കുട്ടികൾക്കും ക്ലാസിനനുസൃതമായ അടിസ്ഥാനശേഷികൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനായി സ്ക്കൂൾ അസംബ്ലിയിൽ പത്രവാർത്തകൾ , ഡയറിക്കുറിപ്പുകൾ എന്നിവ വായിക്കുന്നുണ്ട്. കൂടാതെ വായനാനേരം എന്ന പ്രവർത്തനവും നടക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി വായനയിലും എഴുത്തിലും താൽപര്യം ജനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## 2025-26 അധികപ്രവർത്തനങ്ങൾ

* ഓഡിറ്റോറിയം
* കായികക്ഷമതാ പരിശീലനം
* ഹരിത വിദ്യാലയം
* പെഡഗോജി പാർക്ക്

## 2025-26 അധികപ്രവർത്തനങ്ങൾ

* ഡിജിറ്റൽ ക്ലാസ് റൂം
* ക്ലാസ്മുറിയിൽ അക്വേറിയം

| സാമൂഹികപങ്കാളിത്തം | ചുമതല | സാമ്പത്തികം |
|---|---|---|
| ക്ലാസ് പിടിഎ | എച്ച്.എം അദ്ധ്യാപകർ | |
| ഗൃഹസന്ദർശനം | എച്ച്.എം അദ്ധ്യാപകർ, എസ്.എം.സി | |
| എസ്.എം.സി- പിടിഎ ശാക്തീകരണം | എസ്.എസ്.എ - ബി.ആർ.സി | എസ്.എസ്.എ |
| ബോധവൽക്കരണ ക്ലാസുകൾ | ബി.ആർ.സി | |
| പി.ഇ.സി | ബി.ആർ.സി- സി.ആർ.സി.സി എസ്.എസ്.എ | എസ്.എസ്.എ |
| ഉച്ചഭക്ഷണം | എച്ച്.എം അദ്ധ്യാപകർ, എസ്.എം.സി പാചകതൊഴിലാളി | ഗവൺമെന്റ് |
| അമ്മ വായന | അദ്ധ്യാപകർ | |
| പൂർവ്വ വിദ്യാർത്ഥി അദ്ധ്യാപക സംഗമങ്ങൾ | എച്ച്.എം അദ്ധ്യാപകർ | |
| എസ്.എം.സി, പിടിഎ യോഗം | എസ്.എം.സി, എസ്.എസ്.ജി | |
| കൗൺസിലിംഗ് | എച്ച്.എം, എസ്.എം.സി / പി.എച്ച്.സി | എസ്.എം.സി, പിടിഎ |

## നൂതന പ്രവർത്തനങ്ങൾ

* ആഘോഷദിനങ്ങൾ ജനകീയമാക്കൽ
* കോർണർ പി.ടി.എ

I Can Learn English

## നൂതന പ്രവർത്തനങ്ങൾ

* പഠനത്തോടൊപ്പം വരുമാനം
* അയൽപക്ക ലൈബ്രറി

News Paper Making

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ നിലവിലെ അവസ്ഥ

### എസ്.ആർ.ജി

രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേരുന്നു. പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. വിലയിരുത്തുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ക്ലാസ്മുറിയിൽ അഭിമുഖീകരിച്ച പഠനപ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. പരിഹാരം കണ്ടെത്തുന്നു.

### പി.ടി.എ. എം പി.ടി.എ എസ് എം.സി

മാസത്തിലൊരിക്കൽ യോഗം ചേർന്ന് അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നു.

### എസ്.എസ്.ജി, സ്കൂൾ വികസനസമിതി

മാസത്തിലൊരിക്കൽ യോഗം ചേർന്ന് സ്കൂൾ വികസനത്തിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

### ജാഗ്രതാസമിതി

ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.

### ക്ലബ്ബ് പ്രവർത്തനങ്ങൾ

പരിസ്ഥിതി ക്ലബ്ബ്, വിദ്യാരംഗം, ബാലസഭ എന്നിവ പ്രവർത്തിക്കുന്നു.

### ലൈബ്രറി

ഓരോ ക്ലാസിലെയും കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ലൈബ്രറിയിലുണ്ട്. കുട്ടികൾക്ക് എല്ലാ ആഴ്ചകളിലും പുസ്തകങ്ങൾ നല്കുന്നു. കുട്ടികൾ പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു. കൂടാതെ എല്ലാ ക്ലാസുകളിലും വായനാമൂലയും സജ്ജീകരിച്ചിട്ടുണ്ട്.

## സാമൂഹിക പങ്കാളിത്തം – നിലവിലെ അവസ്ഥ

സ്ക്കുളിലെ എല്ലാ പ്രവർത്തനങ്ങൾക്കും SMC,PTA, MPTA അംഗങ്ങളുടെ സഹ കരണം ഉണ്ട്. ഇവിടെ ബോധനമാദ്ധ്യമം മലയാളമാണ് എന്നതാണ് സമൂഹം കാണുന്ന ഒരു പോരായ്മ. S.S.G സ്ക്കൂൾ വികസനസമിതി എന്നിവരുടെ സഹകരണത്തോടെ 2014-15 അദ്ധ്യയനവർഷത്തിൽ ഫോക്കസ് 2015 ന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി അറിവരങ്ങ്, അമ്മ വായന, വായനനേരം എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കുട്ടികളുടെ പഠനനിലവാരം

ഈ വിദ്യാലയത്തിലെ 75% കുട്ടികൾക്കും ക്ലാസിനനുസൃതമായ അടിസ്ഥാനശേഷികൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനായി സ്ക്കൂൾ അസംബ്ലിയിൽ പത്രവാർത്തകൾ , ഡയറിക്കുറിപ്പുകൾ എന്നിവ വായിക്കുന്നുണ്ട്. കൂടാതെ വായനാനേരം എന്ന പ്രവർത്തനവും നടക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി വായനയിലും എഴുത്തിലും താൽപര്യം ജനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും കണ്ടെത്തൽ

### ശക്തി (Strength)

അദ്ധ്യാപകർക്കൊപ്പം അർപ്പണമനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന വിദ്യാലയവികസനസമിതി അംഗങ്ങൾ. കുട്ടികളെ അറിഞ്ഞു പ്രവർത്തിക്കുന്ന അദ്ധ്യാപകർ.

### പരിമിതികൾ

വാഹനസൗകര്യങ്ങൾ കുറവായതിനാൽ കുട്ടികൾ വിദ്യായത്തിലേക്ക് വരുന്നതിനും പോകുന്നതിനും പ്രയാസങ്ങൾ അനുഭവപ്പെടുന്നു.

### സാദ്ധ്യതകൾ

1. ഏകീകൃത സിലബസ് നടപ്പിലാക്കുക
2. അയൽപക്ക സ്കൂളുകളിൽ ചേർന്നു പഠിക്കുന്നതിനുള്ള നിയമം നടപ്പിലാക്കുക
3. പഠനമാദ്ധ്യമം ഇംഗ്ലീഷ് ആക്കുക

### ഭീഷണികൾ

സമീപപ്രദേശത്തുള്ള എയ്ഡഡ് - സിബിഎസ്ഇ - ഐസിഎസ്ഇ വിദ്യാലയങ്ങൾ, മലയാളമീഡിയം വിദ്യാലങ്ങളോടുള്ള താല്പര്യക്കുറവ്.

## ചാപ്റ്റർ 2

# I അക്കാദമിക പ്രവർത്തനങ്ങൾ

## 2025-26

| അക്കാദമിക പ്രവർത്തനങ്ങൾ | ചുമതല | സമ്പത്തികം |
|---|---|---|
| എസ്.ആർ.ജി | എച്ച്.എം.എസ്.ആർ.ജി കൺവീനർ | |
| നിരന്തര വിലയിരുത്തൽ | അദ്ധ്യാപകർ | |
| പഠനോപകരണ നിർമ്മാണം ശേഖരണം | അദ്ധ്യാപകർ, കുട്ടികൾ എസ്.എം.സി | എസ്.എം.സിപി.ടി.എ എസ്.എസ്.എ |
| ഒന്നാം ക്ലാസ് ഒന്നാന്തരം | ഒന്നാം ക്ലാസ് ടീച്ചർ | |
| സ്കോളർഷിപ്പ് പരീക്ഷകൾ | അദ്ധ്യാപകർ | |
| ലാബ് പ്രവർത്തനങ്ങൾ | അദ്ധ്യാപകർ | എസ്.എസ്.എ |
| ലൈബ്രറി പ്രവർത്തനങ്ങൾ | അദ്ധ്യാപകർ, കുട്ടികൾ എസ്.എം.സി | എസ്.എം.സി- പിടിഎ |
| ഐടി അധിഷ്ഠിതപഠനം | അദ്ധ്യാപകർ | പഞ്ചായത്ത്ബി.ആർ.സി |
| ദിനാചരണങ്ങൾ | അദ്ധ്യാപകർ, കുട്ടികൾ എസ്.എം.സി | എസ്.എം.സി - പിടിഎ |
| പഠനപോഷണപരിപാടി | അദ്ധ്യാപകർ, എസ്.എം.സി | പിടിഎ |
| മെഗാ ക്വിസ് പ്രോഗ്രാം | അദ്ധ്യാപകർ | |
| അസംബ്ളി | കുട്ടികൾ, അദ്ധ്യാപകർ | |
| ക്ലബ് പ്രവർത്തനങ്ങൾ | അദ്ധ്യാപകർ | |
| അദ്ധ്യാപക ശാക്തീകരണ പരിപാടികൾ | എസ്.എസ്.എ ബി.ആർ.സി | എസ്.എസ്.എ ബി.ആർ.സി |
| പഠനയാത്ര- ഫീൽഡ്ട്രിപ്പ് | എച്ച്.എം അദ്ധ്യാപകർ | എസ്.എം.സി - പിടിഎ |
| കലാകായിക പ്രവൃത്തിപരിചയം | അദ്ധ്യാപകർ എസ്.എം.സി | എസ്.എം.സി - പിടിഎ |
| സ്കൂൾതല മേളകൾ | അദ്ധ്യാപകർ, രക്ഷിതാക്കൾ | എസ്.എം.സി-പിടിഎ |

# 2025-26 അധികപ്രവർത്തനങ്ങൾ

* സഹവാസ ക്യാമ്പ്
* മാസം ഒരു വിശിഷ്ടാതിഥി
* വിദ്യാലയ ജനാധിപത്യവേദികൾ
* വിദഗ്ദ ക്ലാസുകൾ
* ക്ലാസ് പത്രങ്ങൾ - പ്രസിദ്ധീകരണങ്ങൾ
* സെമിനാർ, ശില്പശാലകൾ

🌟Hello English Activities in dailly Assembly
🌟News Paper Reading
🌟GK Corner in Lunch Break Time
🌟 Monthly Quiz Programme

* പ്രകൃതിപഠനക്യാമ്പ്
* ബ്ലോഗ്, വെബ്സൈറ്റ് വികസിപ്പിക്കൽ
* ബുൾബുൾ സംവിധാനങ്ങൾ

🌟Monthly School News Paper

## II. ഭൗതിക സാഹചര്യങ്ങൾ

### നിലവിൽ സ്കൂളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടതാണ്

<u>ഭൗതികസാഹചര്യങ്ങൾ</u>

| ആവശ്യങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|
| ഐ.സി.റ്റി സൗകര്യങ്ങൾ<br>(കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ) | എച്ച്.എം<br>അദ്ധ്യാപകർ<br>എസ്.എം.സി | എസ്.എസ്.എ<br>എം എൽ എ ഫണ്ട്<br>എം.പി ഫണ്ട്<br>പഞ്ചായത്ത് |
| പച്ചക്കറിത്തോട്ടം | അദ്ധ്യാപകർ<br>കുട്ടികൾ,<br>എസ്.എം.സി<br>എസ്.എസ്.ജി | എസ്.എം.സി<br>പിടിഎ<br>കൃഷിവകുപ്പ് |

2025-26 വർഷത്തെ **അധികപ്രവർത്തനങ്ങൾ**

* ഓഡിറ്റോറിയം
* കായികക്ഷമതാ പരിശീലനം
* ഹരിത വിദ്യാലയം
* വർണ്ണക്കൂടാരം

2025- 26 വർഷത്തെ **അധികപ്രവർത്തനങ്ങൾ**

* ഡിജിറ്റൽ ക്ലാസ് റൂം
* ക്ലാസ്മുറിയിൽ അക്വേറിയം

| സാമൂഹികപങ്കാളിത്തം | ചുമതല | സാമ്പത്തികം |
|---|---|---|
| | | |
| ക്ലാസ് പിടിഎ | എച്ച്.എം അദ്ധ്യാപകർ | |
| | | |
| ഗൃഹസന്ദർശനം | എച്ച്.എം അദ്ധ്യാപകർ, എസ്.എം.സി | |
| | | |
| എസ്.എം.സി- പിടിഎ ശാക്തീകരണം | എസ്.എസ്.എ - ബി.ആർ.സി | എസ്.എസ്.എ |
| | | |
| ബോധവൽക്കരണ ക്ലാസുകൾ | ബി.ആർ.സി | |
| | | |
| പി.ഇ.സി | ബി.ആർ.സി- സി.ആർ.സി.സി എസ്.എസ്.എ | എസ്.എസ്.എ |
| | | |
| ഉച്ചഭക്ഷണം | എച്ച്.എം അദ്ധ്യാപകർ, എസ്.എം.സി | ഗവൺമെന്റ് |
| | പാചകതൊഴിലാളി | |
| | | |
| അമ്മ വായന | അദ്ധ്യാപകർ | |
| | | |
| പൂർവ്വ വിദ്യാർത്ഥി അദ്ധ്യാപക | എച്ച്.എം അദ്ധ്യാപകർ | |
| | | |
| സംഗമങ്ങൾ | എസ്.എം.സി, എസ്.എസ്.ജി | |
| | | |
| എസ്.എം.സി, പിടിഎ | എച്ച്.എം, എസ്.എം.സി | |
| യോഗം | | |
| | | |
| കൗൺസിലിംഗ് | പി.എച്ച്.സി | എസ്.എം.സി, പിടിഎ |

നൂതന **പ്രവർത്തനങ്ങൾ**

* ആഘോഷദിനങ്ങൾ ജനകീയമാക്കൽ
* കോർണർ പി.ടി.എ

നൂതന **പ്രവർത്തനങ്ങൾ**

* പഠനത്തോടൊപ്പം വരുമാനം
* അയൽപക്ക ലൈബ്രറി

# അക്കാദമിക മേഖല

## 1. എസ്, ആർ, ജി മീറ്റിംഗ്

**ഉദ്ദേശ്യങ്ങൾ**

* എല്ലാ വെള്ളിയാഴ്ചകളിലും എസ്.ആർ.ജികൾ കൃത്യമായി കൂടുന്നതിന്

* അദ്ധ്യാപകരുടെ അക്കാദമിക നിലവാരവും കുട്ടികളുടെ പഠന നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ അവലോകലനവും ആസൂത്രണവും നടത്തുന്നത്

| പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|
| എല്ലാ വെള്ളിയാഴ്ചകളിലും എസ്. ആർ.ജി യോഗം ചേരുന്നു. കഴിഞ്ഞ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നു. ഹാർഡ് സ്പോട്ടുകൾ ചർച്ച ചെയ്യുന്നു. വരുന്ന ആഴ്ചയിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ എല്ലാ വെള്ളിയാഴ്ചകളിലും | എസ്.ആർ.ജി കൺവീനർ |

## 2. വിലയിരുത്തൽ

**ഉദ്ദേശ്യങ്ങൾ**

* പഠനപ്രക്രിയയുമായി ബന്ധപ്പെട്ട് നിരന്തര വിലയിരുത്തൽ, യൂണിറ്റ് വിലയിരുത്തൽ, ടേം വിലയിരിത്തൽ എന്നിവ നടത്തുന്നതിന്

* കുട്ടികളുടെ പഠനനേട്ടം ഉറപ്പാക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി നിരന്തരവിലയിരുത്തലുകൾ നടത്തുന്നു. വർക്ക് ഷീറ്റ് ഉപയോഗിച്ച് യൂണിറ്റ് വിലയിരുത്തൽ, ടേം വിലയിരുത്തൽ എന്നിവ നടത്തുന്നു. പിന്നോക്കക്കാർക്ക് പഠനപോഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ | |

## 3. പഠനോപകരണനിർമ്മാണം, ശേഖരണം

**ഉദ്ദേശ്യങ്ങൾ**

* അദ്ധ്യാപകരും കുട്ടികളും പഠനോപകരണ നിർമ്മാണത്തിൽ വൈദഗ്ധ്യം നേടുന്നതിന്
* ക്ലാസ് റൂം പഠനപ്രക്രിയ്ക്കനുയോജ്യമായ പഠനോപകരണങ്ങൾ കണ്ടെത്തുന്നതിനും ശേഖരിക്കുന്നതിനും

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഓരോ ക്ലാസിലേക്കും ആവശ്യമായ പഠനോപകരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു. സമയബന്ധിതമായി ഇവ നിർമ്മിക്കുന്നു. ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യപകർ, കുട്ടികൾ, രക്ഷിതാക്കൾ | എസ്എം, സി, പിടിഎ, എസ്.എസ്.എ |

## 4. ഒന്നാം ക്ലാസ് ഒന്നന്തരം

**ഉദ്ദേശ്യങ്ങൾ**

ഒന്നാം ക്ലാസിൽ നിന്ന് സ്ഥാനക്കയറ്റം നേടുന്ന എല്ലാ കുട്ടികൾക്കും മാതൃഭാഷ തെറ്റില്ലാതെ എഴുതുന്നതിനും വായിക്കുന്നതിനും വിനിമയം ചെയ്യുന്നതിനും പ്രാപ്തരാക്കുക.

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പത്രവായന, പത്രവാർത്ത തയ്യാറാക്കൽ, ഡയറിക്കുറിപ്പു തയ്യാറാക്കൽ, കത്തെഴുത്ത്, പരീക്ഷകൾ<br>ദിനാചരണത്തോടനുബന്ധിച്ച് പ്രസംഗങ്ങൾ സംഘടിപ്പിക്കൽ, പ്രായോഗികപ്രശ്നങ്ങൾ കണ്ടെത്തൽ, അപഗ്രഥിക്കൽ , ഇംഗ്ലീഷ് പ്രയോഗിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ | |

## 5. സ്കോളർഷിപ്പ് പരീക്ഷകൾ

**ഉദ്ദേശ്യങ്ങൾ**

* എൽ.എസ്.എസ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കുട്ടികൾക്ക് പരിശീലനം നല്കുന്നതിനും ഉന്നതവിജയം നേടുന്നതിനും

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരായ കുട്ടികളെ കണ്ടെത്തുന്നു.<br>പ്രത്യേക പരിശീലനം നൽകുന്നു. | സെപ്റ്റംബർ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ | |

## 6. ലാബ് പ്രവർത്തനങ്ങൾ

**ഉദ്ദേശ്യങ്ങൾ**

പഠനപ്രവർത്തനങ്ങളെ ലാബ് പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പഠനപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ലാബ് പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. അദ്ധ്യാപകർ സമയബന്ധിതമായി ആസൂത്രണം ചെയ്ത് കുട്ടികൾക്ക് നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ | എസ്.എസ്.എ |

## 7. ലൈബ്രറി പ്രവർത്തനങ്ങൾ

**ഉദ്ദേശ്യങ്ങൾ**

കുട്ടികളുടെയും അമ്മമാരുടെയും അധ്യാപകരുടെയും വായന മെച്ചപ്പെടുത്തുന്നതിനും അറിവു നേടുന്നതിനും

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുട്ടികൾ, അദ്ധ്യാപകർ, അമ്മമാർ എന്നിവർ ആഴ്ചയിൽ ഓരോ പുസ്തകം വായിക്കുന്നു. വായനാനുഭവങ്ങൾ പി.ടി.എയിൽ പങ്കുവയ്ക്കുന്നു. വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. സ്വതന്ത്രരചനകൾക്ക് അവസരം നല്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ<br>കുട്ടികൾ<br>എസ്.എം.സി | |

## 8. ഐ. ടി അധിഷ്ഠിതപഠനം

**ഉദ്ദേശങ്ങൾ**

* ഐ.ടിയുമായി ബന്ധപ്പെടുത്തി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനം രസകരമാക്കുന്നതിനും എളുപ്പമാക്കുന്നതിനും
* ഐ.ടി സാദ്ധ്യതകൾ ഉപയോഗിച്ച് സ്വയം പഠനത്തിന് പ്രാപ്തരാക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഐ.ടിയുമായി ബന്ധപ്പെടുത്താവുന്ന പാഠഭാഗങ്ങൾ കണ്ടെത്തുന്നു. പഠനപ്രവർത്തനങ്ങൾ ഐ.ടിയുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്യുന്നു. ഐ.ടി അധിഷ്ഠിത പഠനപ്രവർത്തനങ്ങളിലൂടെ പഠനനേട്ടം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ | പഞ്ചായത്ത്<br>ബി.ആർ.സി |

## 9 ദിനാചരണങ്ങൾ

**ഉദ്ദേശ്യങ്ങൾ**

* ദിനാചരണങ്ങളെ ക്ലാസ് റൂം പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിന്
* ദിനാചരണങ്ങളിലൂടെ മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ ക്രമീകരിക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഓരോ മാസത്തെയും ദിനാചരണങ്ങൾ ലിസ്റ്റ് ചെയ്യുന്നു. എസ്.ആർ.ജികളിൽ ചർച്ച ചെയ്ത് ക്ലാസ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പഠനപ്രവർത്തനങ്ങളാക്കി മാറ്റുന്നു. ജനപ്രതിനിധികളുടെ പിന്തുണ ഉറപ്പുവരുത്തി ദിനാചരണങ്ങൾ ആചരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ<br>കുട്ടികൾ<br>എസ്.എം.സി<br>പി.ടി.എ<br>ജനപ്രതിനിധികൾ | എസ്.എം.സി<br>പി.ടി.എ |

## 10. പഠനപോഷണപരിപാടി

**ഉദ്ദേശ്യങ്ങൾ**

* പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങളെ രസകരമായ അനുഭവമാക്കി പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങളെ രസകരമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്.ആർ.ജി, എസ്.എം.സി, എസ്.എസ്.ജി എന്നിവരുമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ<br>എസ്.എം.സി<br>എസ്.എസ്.ജി | പി.ടി.എ |

## 11. മെഗാക്വിസ് പ്രോഗ്രാം

**ഉദ്ദേശ്യങ്ങൾ**

* കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക
* മത്സരപരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുക

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| എല്ലാ മാസത്തെയും അവസാന ബുധനാഴ്ചകളിൽ മെഗാക്വിസ് സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ | |

## 12. അസംബ്ലി

**ഉദ്ദേശ്യങ്ങൾ**

* ചിട്ടയോടെ കുട്ടികൾ നേതൃത്വം നൽകുന്ന അസംബ്ലി നടത്തുന്നതിന്
* മികവാർന്ന പ്രവർത്തനങ്ങളോടെ അസംബ്ലി നടത്തുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഓരോ ദിവസവും ഓരോ ക്ലാസുകാർ അസംബ്ലി നടത്തുന്നു. വാർത്തകൾ, ദിനാചരണങ്ങൾ, ഡയറിക്കുറിപ്പുകൾ, വായനാനുഭവങ്ങൾ, കുട്ടികളുടെ ജന്മദിനം, വ്യായാമം തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി മികവാർന്ന അസംബ്ലി ആസൂത്രണം ചെയ്തു നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ, കുട്ടികൾ | പി.ടി.എ |

## 13. ക്ലബ്ബ് പ്രവർത്തനങ്ങൾ

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| വിവിധ ക്ലബ്ബുകൾ രൂപീകരിക്കുന്നു അദ്ധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികളെ ചുമതലകൾ ഏല്പിക്കുന്നു. മേളകളുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ കുട്ടികൾ | പി.ടി.എ |

## 14. അദ്ധ്യാപക ശാക്തീകരണ പരിപാടികൾ

**ഉദ്ദേശ്യങ്ങൾ**

* അദ്ധ്യാപകർക്ക് വിഷയാധിഷ്ഠിതമായ പരിശീലനം നൽകി പഠന പ്രക്രിയ കൂടുതൽ ഫലപ്രദമാക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| വിഷയാധിഷ്ഠിതമായും ക്ലാസ് തിരിച്ചു അദ്ധ്യാപകർക്ക് പരിശീലനം നല്കുന്നു. പരിശീലനത്തിലൂടെ നേടിയ അറിവുകൾ അദ്ധ്യാപകർ ക്ലാസ് റൂം പഠനപ്രക്രിയയിൽ പ്രയോജനപ്പെടുത്തുന്നു. | മെയ് മുതൽ ജനുവരി വരെ | എസ്.എസ്.എ, ബി.ആർ.സി | എസ്.എസ്.എ |

## 15. പഠനയാത്ര – ഫീൽഡ് ട്രിപ്പ്

**ഉദ്ദേശ്യങ്ങൾ**

* പഠനപ്രവർത്തനങ്ങളുടെ ഭാഗമായുള്ള പഠനയാത്ര - ഫീൽഡ് ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നതിന്
* കുട്ടികൾക്ക് മൂർത്തമായ പഠനാനുഭവങ്ങൾ ഒരുക്കുന്നതിലൂടെ പഠനനേട്ടം കൈവരിക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തേണ്ട പഠനയാത്രകൾ, ഫീൽഡ് ട്രിപ്പുകൾ എന്നിവ ലിസ്റ്റു ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം<br>അദ്ധ്യാപകർ<br>കുട്ടികൾ<br>എസ്.എം.സി | അദ്ധ്യാപകർ,<br>എസ്.എം.സി |

## 16. കലാകായിക പ്രവർത്തി പരിചയ പ്രവർത്തനങ്ങൾ

**ഉദ്ദേശ്യങ്ങൾ**

* കലാകായികപ്രവർത്തിപരിചയപ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുക
* കലാകായിക പ്രവർത്തി പരിചയപ്രവർത്തനങ്ങളെ ക്ലാസ്റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| കലാകായികപ്രവ്യർത്തിപരിചയപ്രവർത്തനങ്ങൾ ക്ലാസ് തിരിച്ച് ലിസ്റ്റ് ചെയ്യുന്നു. പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. കുട്ടികൾക്ക് പരിശീലനം നൽകുന്നു. ഉല്പന്നങ്ങളുടെ പ്രദർശനം സിപിടിഎയിൽ നടത്തുന്നു. | ജൗൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ<br>കുട്ടികൾ,<br>എസ്.എം.സി<br>എസ്.എസ്.ജി<br>പിടിഎ | |

## 17. സ്കൂൾതലമേളകൾ

**ഉദ്ദേശ്യങ്ങൾ**

* പ്രവൃർത്തിപരിചയഗണിത ശാസ്ത്രമേളകൾ, കലാകായികമേളകൾ എന്നിവയോടനുബന്ധിച്ച് സ്കുൾതല മൽസരം നടത്തുക.

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പ്രവൃത്തി പരിചയം, ഗണിതശാസ്ത്രമേള കലാ-കായിക മേള എന്നിവയിൽ മത്സരങ്ങൾ നടത്തുന്നു. മികവുകാർക്ക് പ്രത്യേക പരിശീലനം നൽകുന്നു. | സെപ്തംബർ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ<br>കുട്ടികൾ<br>എസ്.എം.സി. | പി.ടി.എ |

## ഭൗതികമേഖല

### 1. ഐ.സി.ടി സൗകര്യങ്ങൾ

**ഉദ്ദേശ്യങ്ങൾ**

* കുട്ടികളുടെ പഠനപ്രവർത്തനങ്ങളെ ഐ.സി.ടി സാദ്ധ്യതകളുമയി ബന്ധിപ്പിക്കുന്നതിന്
* കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ ഉറപ്പുവരുത്തുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| എസ്.എം.സി പഞ്ചായത്ത് എം.എൽ.എ, എം.പി, എസ്.എസ്.എ എന്നിവരുടെ സഹകരണത്തോടെ സ്കൂളിൽ ഐസിടി സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നു. ലഭ്യമായ ഐ.സി.ടി സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പഠനപ്രവർത്തനങ്ങളെ ഐ.ടി ഓറിയന്റഡ് ആക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം<br>അദ്ധ്യാപകർ<br>എസ്.എം.സി | പഞ്ചായത്ത്<br>എസ്.എസ്.എ<br>എംഎൽ.എ ഫണ്ട്<br>എം.പി ഫണ്ട് |

### 2. പച്ചക്കറിത്തോട്ടം

**ഉദ്ദേശ്യങ്ങൾ**

* കുട്ടികളിൽ കൃഷിയുടെ ആഭിമുഖ്യം വളർത്തുന്നതിന്
* വിഷവിമുക്തമായ പച്ചക്കറികൾ ഉച്ചഭക്ഷണത്തിന് ലഭ്യമാക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| സ്കൂളിൽ കൃഷിസ്ഥലം ഒരുക്കുന്നു. നല്ലയിനം പച്ചക്കറിവിത്തുകൾ ഉപയോഗിച്ച് പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. ഓരോയിനം പച്ചക്കറിയുടെ ചുമതല കുട്ടികൾ, അദ്ധ്യാപകർ, എസ്.എം.സി അംഗങ്ങൾ എന്നിവർ ഏറ്റെടുത്ത് നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ<br>കുട്ടികൾ<br>എസ്.എം.സി | കൃഷിവകുപ്പ്<br>പിടിഎ |

# സാമൂഹിക പങ്കാളിത്തം

## 1. ക്ലാസ് പി.ടി.എ

**ഉദ്ദേശ്യങ്ങൾ**

* കുട്ടികളുടെ പഠനനേട്ടങ്ങൾ രക്ഷിതാക്കളുമായി പങ്കുവയ്ക്കുന്നതിന്
* അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ഇടപെടലിലൂടെ പഠനപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| മാസത്തിലൊരിക്കൽ ക്ലാസ് പി.ടി.എ കൂടുന്നു. പഠനനേട്ടങ്ങൾ, പ്രശ്നങ്ങൾ, പ്രയാസങ്ങൾ എന്നിവ അദ്ധ്യാപകരും രക്ഷിതാക്കളും ചർച്ച ചെയ്യുന്നു. കുട്ടികളുടെ മികവുല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം<br>അദ്ധ്യാപകർ | |

## 2. ഗൃഹസന്ദർശനം

**ഉദ്ദേശ്യങ്ങൾ**

* കുട്ടികളുടെ വീട് സന്ദർശിച്ച് ഗൃഹാന്തരീക്ഷം മനസ്സിലാക്കുക പഠനകാര്യങ്ങൾ ചർച്ച ചെയ്യുക

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| കുട്ടികളുടെ ഗൃഹസന്ദർശനം നടത്തി ഗൃഹാന്തരീക്ഷം മനസ്സിലാക്കുന്നു. കുട്ടികളുടെ പ്രശ്നങ്ങൾ, പ്രയാസങ്ങൾ ഇവ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നു. കുട്ടികളുടെ പഠനകാര്യങ്ങൾ ചർച്ച ചെയ്യുന്നു. | ജൂൺ മുതൽ മെയ് വരെ | അദ്ധ്യാപകർ<br>രക്ഷിതാക്കൾ | പിടിഎ |

## 3. എസ്.എം.സി–പിടിഎ ശാക്തീകരണം

**ഉദ്ദേശ്യങ്ങൾ**

എസ്.എം.സി–പി.ടി.എ ചുമതലകൾ തിരിച്ചറിഞ്ഞ് സ്ക്കുളിന്റെ അക്കാദമിക, ഭൗതിക സാമൂഹ്യമേഖലകളിൽ നേട്ടം ഉണ്ടാക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| എസ്.എം.സി–പിടിഎ ചുമതലകളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിന് വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം എസ്.എസ്.എയുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു. | ജൂൺ സെപ്റ്റംബർ ജനുവരി | എസ്.എസ്.എ<br>ബി.ആർ.സി | എസ്.എസ്.എ |

## ബോധവൽക്കരണക്ലാസുകൾ

**ഉദ്ദേശ്യങ്ങൾ**

* രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുന്നതിന്
* നല്ല രക്ഷിതാവായി കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ പങ്കാളികളാവുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| എസ്.എസ്.എ, ബി.ആർ.സി, അദ്ധ്യാപകർ, ആരോഗ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. നല്ല രക്ഷിതാവായി കുട്ടിയുടെ പഠനനേട്ടം, സ്വഭാവരൂപികരണം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള ക്ലാസുകൾ രക്ഷിതാക്കൾക്ക് നൽകുന്നു. | ജൂലൈ ജനുവരി | ബി.ആർ.സി<br>ആരോഗ്യപ്രവർത്തകർ<br>അദ്ധ്യാപകർ<br>സാമ്പത്തികം | എസ്.എസ്.എ<br>പി.ടി.എ |

## 5. പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റി

**ഉദ്ദേശ്യങ്ങൾ**

* പഞ്ചായത്തിലെ എല്ലാ സ്ക്കുളുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന്
* ഫണ്ടുകളുടെ വിനിയോഗം, പ്രവർത്തനം എന്നിവ എന്നിവ അവലോകനം നടത്തുന്നതിനും

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ക്ലസ്റ്ററിലെപ്രവർത്തനങ്ങളുടെ അവലോകനം, ഫണ്ടുകളുടെ ശരിയായ വിനിയോഗം, അവതരണം വാർഷീകപ്രവർത്തനപദ്ധതിയും ബഡ്ജറ്റും തയ്യാറാക്കി അവതരിപ്പിക്കൽ, സ്ക്കുളുകളുടെ പഠനനേട്ടങ്ങൾ എസ്.എസ്.എ, ബി.ആർ.സി സി.ആർ.സി പ്രവർത്തനങ്ങളുടെ അവലോകനം | ജൂൺ മുതൽ മാർച്ച് വരെ | എസ്.എസ്.എ<br>ബി.ആർ.സി<br>സി.ആർ.സി.സി<br>ക്ലസ്റ്റർ എച്ച്.എം | എസ്.എസ്.എ |

## 6. ഉച്ചഭക്ഷണം

* ഉച്ചഭക്ഷണത്തിനർഹരായ മുഴുവൻ കുട്ടികളെയും കണ്ടെത്തി പോഷകസമൃദ്ധമായ ആഹാരം ഉറപ്പുവരുത്തൽ
* വൃത്തിയുള്ള അടുക്കളയുടെ സുരക്ഷിതത്വം
* രക്ഷിതാക്കളുടെ പങ്കാളിത്തം

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഉച്ചഭക്ഷണകമ്മിറ്റി രൂപീകരിക്കുന്നു. കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ലിസ്റ്റ് അംഗീകരിക്കുന്നു. ഓരേ ദിവസത്തെയും മെനു തീരുമാനിക്കുന്നു. അതനുസരിച്ച് ഭക്ഷണം പാചകം ചെയ്തു കൊടുക്കുന്നു. പച്ചക്കറികൾ, പയർവർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തി പോഷകസമൃദ്ധമായ ഭക്ഷണം ഉറപ്പുവരുത്തുന്നു. എല്ലാ ബുധനാഴ്ചകളിലും മുട്ടയും ചൊവ്വ, വ്യാഴം ദിവസങ്ങളിൽ പാലും കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ഉച്ച ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ചുമതല അദ്ധ്യാപകർക്ക് നല്കുന്നു. പാചകതൊഴിലാളികൾക്ക് ശുചിത്വബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. അടുക്കളയും പരിസരവും വൃത്തിയാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം<br>അദ്ധ്യാപകർ<br>എസ്.എം.സി<br>എം.പി.ടി.എ<br>അംഗങ്ങൾ<br>വാർഡ്മെമ്പർ | ഗവൺമെന്റ്<br>പി.ടി.എ |

**മുട്ട, ഏത്തപ്പഴം, പാൽ എന്നിവ കൃത്യമായി നൽകലും കുട്ടികൾ കഴിക്കുന്നു എന്ന് ഉറപ്പുവരുത്തലും**

**പച്ചക്കറിത്തോട്ടത്തിലെ വിഷരഹിത പച്ചക്കറി**
**പിറന്നാൾ ദിനത്തിൽ പച്ചക്കറി സമ്മാനം**

## 7. അമ്മ വായന

**ഉദ്ദേശ്യങ്ങൾ**

* അമ്മ വായനയെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കുട്ടികളുടെ വായനയും മെച്ചപ്പെടുത്തുന്നതിന്
* അറിവു നേടുന്നതിനും കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| വായനാവാരത്തോടനുബന്ധിച്ച് അമ്മ വായന ഉദ്ഘാടനം നടത്തുന്നു. ആഴ്ചയിൽ ഒരു ദിവസം പുസ്തകങ്ങൾ അമ്മമാർക്ക് എടുക്കുന്നതിനും തിരിച്ച് ഏൽപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. വായനാനുഭവങ്ങൾ ക്ലാസ് പി.ടി.എകളിൽ പങ്കുവയ്ക്കുന്നു. ഏറ്റവും കൂടുതൽ പുസ്തകം വായിച്ച് വായനാക്കുറിപ്പു തയ്യാറാക്കിയ അമ്മമാരെ വാർഷികാഘോഷത്തിൽ അനുമോദിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം<br>അദ്ധ്യാപകർ<br>എസ്.എം.സി<br>പൂർവ്വ അദ്ധ്യാപക<br>വിദ്യാർത്ഥി<br>പ്രതിനിധികൾ | പി.ടി.എ |

## 8. പൂർവ്വ – വിദ്യാർത്ഥി അദ്ധ്യാപക സംഗമങ്ങൾ

**ഉദ്ദേശ്യങ്ങൾ**

* പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥികളെ സ്കൂൾ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| വർഷത്തിലൊരിക്കൽ പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമം നടത്തി സ്കൂൾ പ്രവർത്തനങ്ങളിൽ അവരുടെ സാന്നിദ്ധ്യവും സഹകരണവും ഇടപെടലുകളും ഉറപ്പാക്കുന്നു. | ഏപ്രിൽ | ലൈബ്രറി ചാർജുള്ള അദ്ധ്യാപകൻ | |

## 9. എസ്.എം.സി – പിടിഎ യോഗം

**ഉദ്ദേശ്യങ്ങൾ**

* മാസത്തിലൊരിക്കൽ എസ്.എം.സി- പിടിഎ മീറ്റിംഗുകൾ ചേരുന്നതിന്
* ഒരു മാസത്തെ പ്രവർത്തനങ്ങളുടെ അവലോകനം, മോണിറ്ററിംഗ് ആസൂത്രണം

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| മാസത്തിലൊരിക്കൽ എസ്.എം.സി- പിടിഎ യോഗം ചേരുന്നു. സ്കൂളിന്റെ അക്കാദമിക ഭൗതിക സാമൂഹിക മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. ആസൂത്രണം ചെയ്യുന്നു. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം<br>എസ്.എം.സി<br>അദ്ധ്യാപകർ | |

## 10. കൗൺസിലിംഗ്

**ഉദ്ദേശ്യങ്ങൾ**

* കുട്ടികളുടെ പ്രശ്നം കണ്ടെത്തി പരിഹരിക്കുന്നതിന്
* പ്രശ്നക്കാരായ കുട്ടികളെ കൗൺസിലിങ്ങിലൂടെ പ്രശ്നപരിഹരണം നടത്തുന്നതിന്

| പ്രവർത്തനരീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|
| പഠനപ്രയാസങ്ങൾ, കുടുംബപ്രശ്നങ്ങൾ എന്നിവ അനുഭവിക്കുന്ന കുട്ടികളെയും പ്രശ്നക്കാരായ കുട്ടികളെയും കണ്ടെത്തി കൗൺസിലിംഗ് നടത്തുന്നു.<br>കൗൺസിലിംഗിലൂടെ പ്രശ്നപരിഹാരം കണ്ടെത്തി പഠനനേട്ടം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ<br>ആരോഗ്യപ്രവർത്തകർ<br>എസ്.എം.സി | പി.ടി.എ |

## ചാപ്റ്റർ 3

## വാർഷിക കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ജൂൺ | പ്രവേശനോൽസവം | ജൂൺ 1 |
| | എസ്.ആർ.ജി മീറ്റിംഗ് | ജൂൺ മുതൽ മാർച്ച് വരെ (all friday) |
| | ദിനാചരണപ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ |
| | അസംബ്ലി | ജൂൺ മുതൽ മാർച്ച് വരെ |
| | എസ്.എം.സി/പിടിഎ യോഗങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ |
| | ക്ലാസ് പിടിഎ | ജൂൺ മുതൽ മാർച്ച് വരെ |
| | ഉച്ചഭക്ഷണപരിപാടി | ജൂൺ മുതൽ മാർച്ച് വരെ |
| | കലാകായികപ്രവൃത്തി പരിചയ പരിശീലനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ |
| | മെഗാക്വിസ് | ജൂൺ മുതൽ മാർച്ച് വരെ |
| | ബാലസഭ | ജൂൺ മുതൽ മാർച്ച് വരെ |
| | ഐ.ടി അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ |
| | വിലയിരുത്തൽ പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ |
| | ഫീൽഡ് ട്രിപ്പ്/പഠനയാത്ര | ജൂൺ മുതൽ മാർച്ച് വരെ |
| | അദ്ധ്യാപകശാക്തീകരണ പരിപാടി | ജൂൺ മുതൽ മാർച്ച് വരെ |
| | പഠനോപകരണ നിർമ്മാണം/ശേഖരണം | ജൂൺ മുതൽ മാർച്ച് വരെ |
| | ലൈബ്രറി പ്രവർത്തന | ജൂൺ മുതൽ മാർച്ച് വരെ |
| | അമ്മ വായന | ജൂൺ മുതൽ മാർച്ച് വരെ |
| | പച്ചക്കറിത്തോട്ട നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ |
| ജൂലൈ | ദിനാചരണങ്ങൾ | ജൂലൈ 5,11,21 |
| | കൗൺസിലിംഗ് | ജൂലൈ 23 |

| മാസം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ആഗസ്റ്റ് | ദിനാചരണങ്ങൾ<br>പാദവാർഷികമൂല്യനിർണ്ണയം | ആഗസ്റ്റ് 6,9,15,17<br>ആഗസ്റ്റ് 13 മുതൽ 22 വരെ |
| സെപ്റ്റംബർ | ദിനാചരണങ്ങൾ<br>സ്കൂൾതല മേളകൾ | സെപ്റ്റംബർ 5, 8, 16<br>സെപ്റ്റംബർ ആദ്യവാരം |
| ഒക്ടോബർ | ദിനാചരണങ്ങൾ<br>സബ്ജില്ലാമേളകൾ - കായികം | ഒക്ടോബർ 1,2,16,24,27<br>ഒക്ടോബർ അവസാനവാരം |
| നവംബർ | ദിനാചരണങ്ങൾ<br>സബ്ജില്ലാമേളകൾ, പ്രവൃത്തിപരിചയ മേളകൾ, കലാമേളകൾ | നവംബർ 1, 11, 14<br>നവംബർ രണ്ടാംവാരം |
| ഡിസംബർ | ദിനാചരണങ്ങൾ<br>അർദ്ധ വാർഷിക മൂല്യ നിർണ്ണയം | ഡിസംബർ 1,2,3,7,10,25<br>ഡിസംബർ 11 മുതൽ 18 വരെ |
| ജനുവരി | ദിനാചരണങ്ങൾ<br>കൗൺസിലിംഗ്<br>പഠനയാത്ര | ജനുവരി 1, 17,26,30<br>ജനുവരി 21<br>ജനുവരി 16 |
| ഫെബ്രുവരി | ദിനാചരണങ്ങൾ<br>സ്ക്കുൾ വാർഷികം | ഫെബ്രുവരി 28<br>ഫെബ്രുവരി 26 |
| മാർച്ച് | ദിനാചരണങ്ങൾ<br>സ്കോളർഷിപ്പ് പരീക്ഷ<br>വാർഷിക മൂല്യനിർണ്ണയം | മാർച്ച് 8, 21, 22<br>മാർച്ച് മൂന്നാംവാരം<br>മാർച്ച് അവസാനവാരം |

## പ്രതിമാസ കലണ്ടർ

ജൂൺ

| തീയതി | പ്രവർത്തനം | ചുമതല |
| --- | --- | --- |
| 1 | പ്രവേശനോത്സവം<br>റാലി, പൊതുസമ്മേളനം<br>നവാഗതരെ സ്വീകരിക്കൽ,<br>മധുരപലഹാര വിതരണം എസ്.ആർ.ജി<br>മീറ്റിംഗ് | എസ്.എം.സി/പി.ടി.എ/അദ്ധ്യാപകർ<br>എസ്.ആർ.ജി കൺവീനർ |
| 2. | പ്രി.ടെസ്റ്റ് | ക്ലാസ് അദ്ധ്യാപകർ |
| 3. | പ്രി.ടെസ്റ്റ് - വിശകലനം | ക്ലാസ് അദ്ധ്യാപകർ |
| 4. | പരിഹാരപ്രവർത്തനങ്ങൾ | ക്ലാസ് അദ്ധ്യാപകർ |
| 5 | ലോകപരിസ്ഥിതി ദിനം, ഭൂമിക്കൊരു തണൽ<br>പ്രതിജ്ഞ, പോസ്റ്റർ നിർമ്മാണം<br>എസ്.ആർ.ജി മീറ്റിംഗ് | പരിസ്ഥിതി ക്ലബ്<br>എസ്.ആർ.ജി കൺവീനർ |
| 6. | ഉള്ളൂർ ജന്മദിനം കവിയെ അറിയൽ<br>കവിതകൾ പരിചയപ്പെടൽ | അദ്ധ്യാപകർ |
| 12. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 18. | പി.ടി.എ/എസ്.എം.സി എക്സിക്യൂട്ടീവ്<br>മീറ്റിംഗ് | എച്ച്.എം |
| 19. | വായനാദിനം - വായനാവാരാചരണം<br>പി.എൻ പണിക്കർ അനുസ്മരണം<br>പുസ്തകപ്രദർശനം,എസ്.ആർ.ജി മീറ്റിംഗ് | വിദ്യാരംഗം കൺവീനർ<br>എസ്.ആർ.ജി കൺവീനർ |
| 24. | മെഗാക്വിസ് | അദ്ധ്യാപകർ |
| 25. | വായനാവാരാചരണം സമാപനം, വായനാമത്സരം<br>അമ്മവായന ഉദ്ഘാടനം, വായനാക്വിസ്,<br>പുസ്തകങ്ങൾ പരിചയപ്പെടൽ ക്ലാസ് പി.ടി.എ | വിദ്യാരംഗം കൺവീനർ<br>ക്ലാസ് അദ്ധ്യാപകർ |
| 26. | ലോക മയക്കുമരുന്ന് വിരുദ്ധ ദിനം<br>സന്ദേശം ബാലസഭ, എസ്.ആർ.ജി മീറ്റിംഗ് | എച്ച്.എം<br>വിദ്യാരംഗം കൺവീനർ<br>എസ്.ആർ.ജി കൺവീനർ |
| 30. | മോണിറ്ററിംഗ് | എച്ച്.എം,അദ്ധ്യാപകർ,<br>ബി.ആർ.സി,എസ്.എം.സി<br>പി.ടി.എ |

ജൂലൈ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| 2. | പി.ടി.എ വാർഷിക പൊതുയോഗം | എച്ച്.എം, എസ്.എം.സി |
| 3. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 5 | ബഷീർ ചരമദിനം ജീവചരിത്രക്കുറിപ്പു | |
| | തയ്യാറാക്കൽ ബഷീർ കൃതികൾ | അദ്ധ്യാപകർ |
| | പരിചയപ്പെടൽ | കുട്ടികൾ |
| 10. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 11. | ലോകജനസംഖ്യാദിനം | അദ്ധ്യാപകർ |
| 17. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 21. | ചാന്ദ്രദിനം- ചാന്ദ്രദിനക്വിസ് പ്രദർശനങ്ങൾ | പരിസ്ഥിതി ക്ലബ് |
| 23. | കൗൺസിലിംഗ് | പി.എച്ച്.സി |
| 24. | ബാലസഭ | കുട്ടികൾ |
| | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 29. | മെഗാക്വസ് | അദ്ധ്യാപകർ |
| 30. | ക്ലാസ് പി.ടി.എ | അദ്ധ്യാപകർ |
| | | കുട്ടികൾ |
| 31. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| | മോണിറ്ററിംഗ്/അവലോകനം | എച്ച്.എം, പി.ടി.എ,എസ്.എം.സി |

ആഗസ്റ്റ്

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 6. | ഹിരോഷിമ ദിനം, പോസ്റ്റർ തയ്യാറാക്കൽ | അദ്ധ്യാപകർ |
| 7. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 9. | നാഗസാക്കിദിനം, ക്വിറ്റ് ഇന്ത്യാദിനം<br>ക്വിസ്, പതിപ്പു തയ്യാറാക്കൽ | അദ്ധ്യാപകർ<br>കുട്ടികൾ |
| 10. | പഠനപോഷണപരിപാടി | അദ്ധ്യാപകർ |
| 12. | പി.ടി.എ/എസ്.എം.സി<br>എക്സിക്യൂട്ടീവ് യോഗം | അദ്ധ്യാപകർ<br>അദ്ധ്യാപകർ |
| 15. | സ്വാതന്ത്ര്യദിനം- പതാക ഉയർത്തൽ<br>റാലി, പൊതുസമ്മേളനം, മധുരപലഹാര<br>വിതരണം, ദേശഭക്തിഗാനാലാപനം | <br>പി.ടി.എ/എസ്.എം.സി<br>അദ്ധ്യാപകർ, കുട്ടികൾ |
| 17. | കർഷകദിനം- അഭിമുഖം | പരിസ്ഥിതിക്ലബ് |
| 13-22 | പാദവാർഷിക മൂല്യനിർണയം | എച്ച്.എം,അദ്ധ്യാപകർ |

സെപ്റ്റംബർ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| 4. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 5. | അദ്ധ്യാപകദിനം - അദ്ധ്യാപകരെ ആദരിക്കൽ, ഡോ.എസ് രാധാകൃഷ്ണൻ ജീവചരിത്രകുറിപ്പു തയ്യാറാക്കൽ | അദ്ധ്യാപകർ<br>കുട്ടികൾ |
| 8. | ലോകസാക്ഷരതാദിനം | അദ്ധ്യാപകർ, കുട്ടികൾ |
| 9. | ക്ലാസ് പി.ടി.എ | അദ്ധ്യാപകർ |
| 11 | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 16. | ഓസോൺ ദിനം - പ്രതിജ്ഞ | അദ്ധ്യാപകർ |
| 18. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 23. | മെഗാക്വിസ് | അദ്ധ്യാപകർ |
| 25. | എസ്.ആർ.ജി മീറ്റിംഗ്<br>ബാലസഭ | എസ്.ആർ.ജി കൺവീനർ<br>കുട്ടികൾ |
| 30. | മോണിറ്ററിംഗ്/അവലോകനം | എച്ച്.എം, എസ്.എസ്.ജി കൺവീനർ<br>ഒക്ടോബർ 2015 |

ഒക്ടോബർ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1. | ലോകവയോജനദിനം - ആദരിക്കൽ,<br>അനുഭവങ്ങൾ പങ്കിടൽ,എസ്.ആർ.ജി മീറ്റിംഗ്<br>എസ്.എം.സി എക്സിക്യൂട്ടീവ് മീറ്റിംഗ് | അദ്ധ്യാപകർ, കുട്ടികൾ<br>എസ്.എം.സി<br>എസ്.ആർ.ജി കൺവീനർ |
| 2. | ഗാന്ധിജയന്തി/ ശുചീകരണം വന്യജീവിവാരാഘോഷം<br>ഗാന്ധിക്വിസ്, ഗാന്ധിജിയുടെ ആത്മകഥ വായനാമത്സരം | അദ്ധ്യാപകർ, കുട്ടികൾ |
| 9. | എസ്.ആർ.ജി മീറ്റിംഗ് /തപാൽദിനം<br>പോസ്റ്റ്ഓഫീസ് സന്ദർശനം അഭിമുഖം | എസ്.ആർ.ജി കൺവീനർ<br>അദ്ധ്യാപകർ |
| 16. | വള്ളത്തോൾ ജന്മദിനം- കവിതാലാപനം, കവിതകൾ<br>ശേഖരിക്കൽ പതിപ്പുനിർമ്മാണം | അദ്ധ്യാപകർ<br>കുട്ടികൾ |
| 24. | ഐക്യരാഷ്ട്രദിനം | അദ്ധ്യാപകർ |
| 27. | വയലാർദിനം-അനുസ്മരണം | അദ്ധ്യാപകർ |
| 28. | മെഗാക്വിസ് | അദ്ധ്യാപകർ |
| 29. | ക്ലാസ് പി.ടി.എ | അദ്ധ്യാപകർ |
| 30. | എസ്.ആർ.ജി മീറ്റിംഗ്<br>മോണിറ്ററിംഗ്/അവലോകനം<br>ബാലസഭ | എസ്.ആർ.ജി കൺവീനർ<br>എച്ച്എം, ബി.ആർ.സി, എസ്എം.സി<br>കുട്ടികൾ |

നവംബർ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| 1. | കേരളപ്പിറവി ദിനം/മലയാളഭാഷാവാരാഘോഷം<br>ഭൂപടം നിറയ്ക്കൽ കഥ/കവിത/പ്രസംഗം, മത്സരങ്ങൾ | അദ്ധ്യാപകർ<br>കുട്ടികൾ |
| 6. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 11. | ദേശീയവിദ്യാഭ്യാസദിന സന്ദേശം | അദ്ധ്യാപകർ |
| 13. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 14. | ശിശുദിനം- റാലി എന്റെ നെഹ്റു ജീവചരിത്ര<br>കുറിപ്പു തയ്യാറാക്കൽ, ചിത്രരചന | അദ്ധ്യാപകർ<br>കുട്ടികൾ, എസ്.എം.സി |
| 20. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 25. | മെഗാക്വിസ് | |
| 26. | ക്ലാസ് പി.ടി.എ /എസ്.എം.സി എക്സിക്യൂട്ടീവ് കമ്മിറ്റി | അദ്ധ്യാപകർ,കുട്ടികൾ<br>രക്ഷിതാക്കൾ |
| 27. | എസ്.ആർ.ജി മീറ്റിംഗ്<br>ബാലസഭ | എസ്.ആർ.ജി കൺവീനർ<br>കുട്ടികൾ |

ഡിസംബർ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1. | ലോക എയ്ഡ്സ്ദിന - സന്ദേശം | അദ്ധ്യാപകർ |
| 2. | ലോക കമ്പ്യൂട്ടർ സാക്ഷരതാദിനം<br>എസ്.എം.സി എക്സിക്യൂട്ടീവ് മീറ്റിംഗ് | അദ്ധ്യാപകർ<br>എച്ച്.എം |
| 3. | ലോകവികലാംഗദിനം അഭിമുഖം | അദ്ധ്യാപകർ, കുട്ടികൾ |
| 4. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 7. | തപാൽദിനം - പ്രദർശനം | അദ്ധ്യാപകർ, കുട്ടികൾ |
| 10. | മനുഷ്യാവകാശദിനം - സന്ദേശം<br>ബോധവൽക്കരണം | അദ്ധ്യാപകർ |
| 11 – 18 | അർദ്ധവാർഷിക മൂല്യനിർണയം | എച്ച്.എം, അദ്ധ്യാപകർ |
| 25. | ക്രിസ്മസ് | |
| 30. | മെഗാക്വിസ് | അദ്ധ്യാപകർ |
| 31. | ക്ലാസ് പി.ടി.എ<br>മോണിറ്ററിംഗ്/അവലോകനം<br>എസ്.എം.സി മീറ്റിംഗ് | അദ്ധ്യാപകർ, എസ്.എം.സി<br>ബി.ആർ.സി, സി.ആർ.സി |

ജനുവരി

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1. | എസ്.ആർ.ജി മീറ്റിംഗ്<br>പുതുവൽസരദിനം, ആശംസാകാർഡു നിർമ്മാണം, പ്രദർശനം | എസ്.ആർ.ജി കൺവീനർ<br>അദ്ധ്യാപകർ, കുട്ടികൾ |
| 7. | എസ്.എം.സി എക്സിക്യൂട്ടീവ് മീറ്റിംഗ് | എച്ച്.എം |
| 8. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 16. | പഠനയാത്ര | എച്ച്.എം, അദ്ധ്യാപകർ,എസ്.എം.സി |
| 17. | കുമാരനാശാൻ ചരമദിനം-<br>കവിത/കവി പരിചയപ്പെടൽ | അദ്ധ്യാപകർ<br>അദ്ധ്യാപകർ |
| 21. | കൗൺസിലിംഗ് | പി.എച്ച്.സി |
| 22. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 26. | റിപ്പബ്ലിക്ദിനം- പതാക ഉയർത്തൽ<br>റാലി, സന്ദേശം | അദ്ധ്യാപകർ, കുട്ടികൾ,എസ്.എം.സി |
| 27. | മെഗാ ക്വിസ് | |
| 28. | ക്ലാസ് പി.ടി.എ/എസ്.എം.സി മീറ്റിംഗ് | |
| 29. | ബാലസഭ<br>എസ്.ആർ.ജി മീറ്റിംഗ്<br>മോണിറ്ററിംഗ്/അവലോകനം | കുട്ടികൾ<br>എസ്.ആർ.ജി കൺവീനർ<br>എച്ച്.എം, സ്റ്റാഫ്, എസ്.എം.സി |
| 30. | രക്തസാക്ഷിദിനം- സന്ദേശം | അദ്ധ്യാപകർ |

## ഫെബ്രുവരി

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 4. | എസ്.എം.സി എക്സിക്യൂട്ടീവ് മീറ്റിംഗ് | എച്ച്.എം |
| 5. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 12. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 23. | മെഗാക്വിസ് | അദ്ധ്യാപകർ |
| 26. | സ്കൂൾ വാർഷികം | എച്ച്.എം, എസ്.എം.സി, എസ്,എസ്.ജി അദ്ധ്യാപകർ, കുട്ടികൾ |
| 29. | മോണിറ്ററിംഗ്/അവലോകനം | എച്ച്.എം, അദ്ധ്യാപകർ, എസ്.എം.സി ബി.ആർ.സി |

## മാർച്ച്

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 4. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 8. | ലോകവനിതാദിനം- ചർച്ചകൾ | അദ്ധ്യാപകർ, കുട്ടികൾ |
| 10. | ക്ലാസ് പി.ടി.എ | അദ്ധ്യാപകർ |
| 11. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 18. | എസ്.ആർ.ജി മീറ്റിംഗ് | എസ്.ആർ.ജി കൺവീനർ |
| 21. | വനവൽക്കരണദിനം- പ്രതിജ്ഞ | അദ്ധ്യാപകർ |
| 22. | ലോകജലദിനം- പ്രതിജ്ഞ | അദ്ധ്യാപകർ |
| 24-30 | വാർഷികമൂല്യനിർണയം | എച്ച്.എം, അദ്ധ്യാപകർ |
| 31. | മോണിറ്ററിംഗ്/അവലോകനം എസ്.എം.സി മീറ്റിംഗ് | എച്ച്.എം, അദ്ധ്യാപകർ എസ്.എം.സി |

## ചാപ്റ്റർ 4
## അവലോകനം/മോണിറ്ററിംഗ്

വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടക്കുന്നുണ്ടോയെന്നും നടന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്രമാത്രമുണ്ടെന്നും അവലോകനം ചെയ്യേണ്ടതുണ്ട്. ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അടുത്തമാസത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

### അക്കാദമിക പ്രവർത്തനങ്ങൾ

പ്രതിമാസ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ വിഷയബന്ധിത പഠനപ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രാപ്തിയിലെത്തിയെന്നും തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും മോണിറ്ററിംഗ് കമ്മിറ്റികൾ ചർച്ചചെയ്യണം. ചർച്ചയുടെ അടിസ്ഥാനത്തിൽ എസ്.ആർ.ജി ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് എസ്.ആർ.ജി കൺവീനറയുടെ നേതൃത്വത്തിൽ നടപ്പിലാക്കുവാനും തീരുമാനിച്ചു.

### ഭൗതിക സാഹചര്യങ്ങൾ

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി ഈ വർഷം ഏറ്റെടുത്ത പ്രവർത്തനങ്ങൾ പ്രധാന്യത്തോടെ കണ്ടുകൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. അതിനായി ജൂൺ മുതൽ പ്രവർത്തനങ്ങൾ തുടങ്ങണം.

### സാമൂഹിക പങ്കാളിത്തം

സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പി.ടി.എ, എം.പി.ടി.എ. ക്ലാസ്, പി.ടി.എ, എസ്.എം.സി, എസ്.എസ്.ജി തുടങ്ങിയ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സുഗമമായ നടത്തിപ്പിന് പ്രയോജനപ്രദമാണ്.